# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **14-09-2023 - ൽ മറുപടിയ്ക്ക്**

### സംസ്ഥാനം നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനം ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന മാധ്യമ വാർത്തകൾ വസ്തുതാപരമാണോ; ആണെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം.</td></tr>
<tr><td>(ബി)</td><td>ധന ഉത്തരവാദിത്വ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആഭ്യന്തര വരുമാനം-വായ്പ അനുപാതം സംസ്ഥാനം ലംഘിച്ചിട്ടുണ്ടോ;</td><td>(ബി)</td><td>2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ഭേദഗതി ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ധനലക്ഷ്യങ്ങളും 2021-22, 2022-23 വർഷങ്ങളിൽ നേടാൻ കഴിഞ്ഞതുമായ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.
<table>
<tr><th rowspan="2">വർഷം</th><th colspan="2">2021-22</th><th colspan="2">2022-23*</th></tr>
<tr><th>ലക്ഷ്യം</th><th>നേടിയത്</th><th>ലക്ഷ്യം</th><th>നേടിയത്</th></tr>
<tr><td>റവന്യൂകമ്മി/<br>ജി.എസ്.ഡി.പി</td><td>-0.5</td><td>2.29</td><td>-0.8</td><td>0.91</td></tr>
<tr><td>ധനകമ്മി കമ്മി/<br>ജി.എസ്.ഡി.പി</td><td>4.5</td><td>4.11</td><td>4</td><td>2.51</td></tr>
<tr><td>കടം/<br>ജി.എസ്.ഡി.പി</td><td>34.7</td><td>37.01</td><td>34.5</td><td>35.54</td></tr>
</table>
*2022-23 ലെ താൽക്കാലിക കണക്കുകൾ</td></tr>
<tr><td>(സി)</td><td>ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ</td><td>(സി)</td><td>കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര</td></tr>
</table>

| | | | |
|---|---|---|---|
| | അവശേഷിക്കുന്ന വായ്പ പരിധി എത്ര? | | സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 10,81,412 കോടി രൂപയുടെ 3 ശതമാനമായ 32,442 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. എന്നാൽ മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 21,852 കോടി രൂപ കടമെടുക്കാൻ മാത്രമേ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ